**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 216** **10-03-2025 - ൽ മറുപടിയ്ക്ക്**

**ഒയാസിസ് കമ്പനിക്ക് ജലം നൽകാനുള്ള തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് കിൻഫ്ര ജല വിതരണ പദ്ധതിയിൽ നിന്നും ഒയാസിസ് കമ്പനിക്ക് ജലം നൽകാൻ പാലക്കാട് ജല അതോറിറ്റി സൂപ്രണ്ടിംഗ് എൻജിനീയർ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പാലക്കാട് കിൻഫ്ര ജല വിതരണ പദ്ധതിയിൽ നിന്നും ഒയാസിസ് കമ്പനിക്ക് ജലം നൽകാൻ പാലക്കാട് ജല അതോറിറ്റി സൂപ്രണ്ടിംഗ് എൻജിനീയർ അനുമതി നൽകിയിട്ടില്ല.<br><br>M/s. ഒയാസിസ് കമേർഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് പൊതുമേഖല എണ്ണ കമ്പനി കളുടെ എഥനോൾ ഉത്പാദനവുമായി ബന്ധപ്പെട്ട് ക്ഷണിക്കുന്ന ദർഘാസിന്റെ ഭാഗമായ Expression of interest ൽ പങ്കെടുക്കുന്നതിനായി ജല ലഭ്യത സംബന്ധിച്ച സാധ്യത കിൻഫ്രയ്ക്ക് വേണ്ടി നിർമ്മാണം പുരോഗമിച്ചുവരുന്ന വ്യാവസായിക ജല വിതരണ പദ്ധതിയിലൂടെ തേടാവുന്നതാണ് എന്നത് സംബന്ധിച്ച കത്താണ് സൂപ്രണ്ടിംഗ് എൻജിനീയർ പാലക്കാട് ഓഫീസിൽ നിന്നും നൽകിയിരുന്നത്. |
| (ബി) | 2011-ൽ അന്നത്തെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2015-ൽ ഇറക്കിയ സർക്കാർ ഉത്തരവിന് വിരുദ്ധമായി കിൻഫ്ര ജലവിതരണ പദ്ധതിയിൽനിന്നും മദ്യ കമ്പനിക്ക് ജലം നൽകാനുള്ള സൂപ്രണ്ടിംഗ് എൻജിനീയറുടെ തീരുമാനം നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കാമോ? | (ബി) | 2015-ൽ ഇറക്കിയ സർക്കാർ ഉത്തരവിന് വിരുദ്ധമായി കിൻഫ്ര ജലവിതരണ പദ്ധതി യിൽനിന്നും മദ്യ കമ്പനിക്ക് ജലം നൽകാനുള്ള തീരുമാനം വാട്ടർ അതോറിറ്റി കൈക്കൊണ്ടിട്ടില്ല. M/s.ഒയാസിസ് കമേർഷ്യൽ പ്രൈവറ്റ് എന്ന കമ്പനിയ്ക്ക് പൊതുമേഖല എണ്ണ കമ്പനികളുടെ എഥനോൾ ഉത്പാദനവുമായി ബന്ധപ്പെട്ട ടെൻഡർ നടപടികളിൽ പങ്കെടുക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർ, പാലക്കാട് ഓഫീസിൽ നിന്നും ഒരു കത്ത് നല്കിയിരുന്നു. കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിലേക്ക് വേണ്ടിയുള്ള 10 MLD വ്യാവസായിക കുടിവെള്ള പദ്ധതിയിൽ നിന്നും ജല ലഭ്യത സംബന്ധിച്ച സാധ്യത തേടാവുന്നതാണ് എന്നും കത്തിൽ സൂചിപ്പിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ